# ECHO OF HIS CALL

MALAYALAM

## വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

REACHING NATIONS

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXIX | JULY 2023 | No. 9


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**യെശയ്യാവ് 49:1–6**

01. ദ്വീപുകളേ, എന്റെ വാക്കു കേൾപ്പിൻ; ദൂരത്തുള്ള വംശങ്ങളേ, ശ്രദ്ധിപ്പിൻ; യഹോവ എന്നെ ഗർഭം മുതൽ വിളിച്ചു; എന്റെ അമ്മയുടെ ഉദരത്തിൽ ഇരിക്കയിൽ തന്നേ എന്റെ പേർ പ്രസ്താവിച്ചിരിക്കുന്നു.
02. അവൻ എന്റെ വായെ മൂർച്ചയുള്ള വാൾപോലെയാക്കി തന്റെ കയ്യുടെ നിഴലിൽ എന്നെ ഒളിപ്പിച്ചു; അവൻ എന്നെ മിനുക്കിയ അമ്പാക്കി തന്റെ പൂണയിൽ മറെച്ചുവെച്ചു; എന്നോടു:
03. യിസ്രായേലേ, നീ എന്റെ ദാസൻ; ഞാൻ നിന്നിൽ മഹത്വീകരിക്കപ്പെടും എന്നു അരുളിച്ചെയ്തു.
04. ഞാനോ, ഞാൻ വെറുതെ അദ്ധ്വാനിച്ചു; എന്റെ ശക്തിയെ വ്യർത്ഥമായും നിഷ്ഫലമായും ചെലവഴിച്ചിരിക്കുന്നു എന്നു പറഞ്ഞു; എങ്കിലും എന്റെ ന്യായം യഹോവയുടെ പക്കലും എന്റെ പ്രതിഫലം എന്റെ ദൈവത്തിന്റെ പക്കലും ഇരിക്കുന്നു.
05. ഇപ്പോഴോ, യാക്കോബിനെ തന്റെ അടുക്കൽ തിരിച്ചു വരുത്തുവാനും യിസ്രായേലിനെ തനിക്കുവേണ്ടി ശേഖരിപ്പാനും എന്നെ ഗർഭത്തിൽ തന്റെ ദാസനായി നിർമ്മിച്ചിട്ടുള്ള യഹോവ അരുളിച്ചെയ്യുന്നു-ഞാൻ യഹോവെക്കു മാന്യനും എന്റെ ദൈവം എന്റെ ബലവും ആകുന്നു.
06. നീ യാക്കോബിന്റെ ഗോത്രങ്ങളെ എഴുന്നേൽപ്പിക്കേണ്ടതിന്നും യിസ്രായേലിൽ സൂക്ഷിക്കപ്പെട്ടവരെ തിരിച്ചുവരുത്തേണ്ടതിന്നും എനിക്കു ദാസനായിരിക്കുന്നതു പോരാ; എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിന്നു ഞാൻ നിന്നെ ജാതികൾക്കു പ്രകാശമാക്കി വെച്ചുമിരിക്കുന്നു എന്നു അവൻ അരുളിച്ചെയ്യുന്നു.

# തിരഞ്ഞെടുപ്പുകൾ!

## CHOICES!



**സിസ്റ്റർ. ഏഞ്ചലിൻ സെൽവകുമാരി**

നമ്മുടെ ദൈനംദിന ജീവിതം നിരവധി തിരഞ്ഞെടുപ്പുകൾ നിറഞ്ഞതാണ്. ഓരോ തിരഞ്ഞെടുപ്പിനും പ്രാധാന്യമുള്ളതും അല്ലാത്തതുമായ അനന്തരഫലങ്ങളുണ്ട്. പങ്കാളിയുടെ തിരഞ്ഞെടുപ്പ്, തൊഴിൽപരമായ തിരഞ്ഞെടുപ്പ് തുടങ്ങിയവ ജീവിതത്തെ തന്നെ മാറ്റിമറിച്ചേക്കാം. ദൈവം മനുഷ്യരെ സൃഷ്ടിച്ചത് സ്വതന്ത്ര ചിന്താഗതി നൽകിയാണ്. നല്ലതും ചീത്തയുമായത് തിരഞ്ഞെടുക്കാനുള്ള അധികാരം മനുഷ്യനുണ്ട്. എന്നാലും ദൈവം നമുക്ക് മാർഗ്ഗനിർദ്ദേശങ്ങളും, അവൻ എന്താണ് ആഗ്രഹിക്കുന്നതെന്നും നമ്മെ ഓർപ്പിക്കുമെങ്കിലും ഒരിക്കലും നിർബന്ധിക്കുകയില്ല. നമ്മുടെ സ്വന്ത ഇഷ്ടപ്രകാരം ദൈവം ആഗ്രഹിക്കുന്നതു തന്നെ നാം തിരഞ്ഞെടുക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു.

പ്രപഞ്ചത്തിന്റെ ദൈവം നമ്മെ വളരെയധികം സ്നേഹിക്കുന്നതിനാൽ നമുക്ക് സകല സ്വാതന്ത്ര്യവും നൽകിയിരിക്കുന്നു. ദൈവത്തെ നാം സ്വീകരിക്കണമെന്ന് അവൻ നമ്മോട് ആവശ്യപ്പെട്ടിട്ടില്ല. ദൈവം മാനവരാശിയുമായി ബന്ധം സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നെങ്കിലും നാം അവനെ തിരഞ്ഞെടുക്കുന്നതുവരെ കാത്തിരിക്കുന്നു.

3-ാം പേജിൽ തുടരും...




## വിളിയുടെ പ്രതിധ്വനി

*യു ട്യൂബ് ക്രിസ്തീയ ചാനൽ!*

**പാസ്റ്റർ സാം സെൽവരാജുമൊത്ത്**
**പ്രാർത്ഥിക്കാൻ അവസരം!**

**5 മിനിട്ട് ദൈർഘ്യമുള്ള സന്ദേശം, പ്രാർത്ഥന!!**

**ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്**

**എല്ലാ ദിവസവും 5.00 am**
**തമിഴ് ഞായർ ആരാധന– 8.30 am**

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)



## from your dearly beloved brother...



**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**CHIEF EDITOR**

Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**

Bro. N. Prakasam, M.A., General Manager
Dr. Rabinder Boaz, M.S.
Bro. K. Puratchivendan

**EDITORIAL BOARD**

Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Dr. A. Richard Samuel, M.A., Ph.D.
Rev. Dr. K.R. Rajasekaran

**EDITOR, PUBLISHER & PRINTER**

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**E.mail ID**

sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**

www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**

Echo of His Call

**“... തിരുവായ്കൊണ്ടു അരുളിച്ചെയ്തതു തൃക്കൈ കൊണ്ടു നിവർത്തിച്ചിരിക്കുന്ന...”**
**– 1 രാജാക്കന്മാർ 8:15**

കർത്താവിൽ പ്രീയരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കു സ്നേഹവന്ദനം അർപ്പിക്കുന്നു. വിളിയുടെ പ്രതിധ്വനയുടെ കഴിഞ്ഞ മാസത്തെ പതിപ്പ് വായിച്ച് അതിന്റെ ലേഖനങ്ങളെ അനേകർ അഭിനന്ദിച്ചു. അവർക്കെല്ലാം ഞങ്ങൾ നന്ദി അർപ്പിക്കുന്നു. വിളിയുടെ പ്രതിധ്വനി മാസികയെയും ഞങ്ങളുടെ മറ്റു പ്രവർത്തനങ്ങളെയും ഓർത്ത് പ്രാർത്ഥിക്കുകയും സഹായിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന, ഞങ്ങളെ സ്നേഹിക്കുന്ന എല്ലാവരോടും ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നുള്ള ഞങ്ങളുടെ നന്ദി അറിയിക്കുന്നു.

നിങ്ങളുടെ ഇ-മെയിൽ ഐ.ഡി. അയച്ചുതരുവാൻ ഞങ്ങൾ ആവശ്യപ്പെട്ടിരുന്നതനുസരിച്ച് അയച്ചു തന്നവർക്കെല്ലാം വിളിയുടെ പ്രതിധ്വനി മാസിക മെയിൽ ചെയ്യുന്നതാണ്. അതുപോലെ വിളിയുടെ പ്രതിധ്വനിയുടെ 16 ഭാഷകളിലുമുള്ള മാസികകൾ പുറത്തിറക്കുമ്പോൾ തന്നെ www.echoofhiscall എന്ന ഞങ്ങളുടെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതാണ്. അവിടെ നിന്നും നിങ്ങൾക്ക് വായിക്കുകയോ ഡൗൺലോഡ് ചെയ്തു അതിന്റെ പ്രിന്റ് എടുത്ത് വായിക്കുകയോ ചെയ്യാവുന്നതാണ്. ഈ വഴികളിലൂടെയെല്ലാം വിളിയുടെ പ്രതിധ്വനി മാസിക നിങ്ങളുടെ അടുക്കൽ എത്തുന്നതാണ്.

ലോകം മുഴുവനുമുള്ള യുവതീ യുവാക്കളുടെയും കുട്ടികളുടെയും വിടുതലിനായി രാത്രി 10.00 മണിക്ക് അർപ്പിക്കുന്ന പ്രാർത്ഥനകൾ ഞങ്ങളുടെ വായനക്കാർ നല്ല രീതിയിൽ സ്വീകരിക്കുകയും സർവ്വശക്തനായ ദൈവത്തിൽ നിന്ന് നല്ല മറുപടി ലഭിക്കുകയും ചെയ്യുന്നു. ദൈവത്തിനു സ്തോത്രം കരേറ്റുന്നു.

ഞങ്ങൾ വളരെ വേഗത്തിലും ചടുലമായും പ്രവർത്തിക്കുന്നു. കഴിഞ്ഞ മെയ് മാസത്തിൽ കുട്ടികൾക്കായി വെക്കേഷൻ ബൈബിൾ സ്കൂൾ (വി.ബി.എസ്) സംഘടിപ്പിച്ചിരുന്നു. 2023 ജൂൺ 3-ാം തീയതി നെഹെമ്യ ബൈബിൾ കോളേജിന്റെ ബിരുദദാന ചടങ്ങ് വളരെ പ്രത്യേകമായ രീതിയിൽ നടത്തപ്പെട്ടു. 2023 മെയ് 5-ാം തീയതി നെഹെമ്യ ബൈബിൾ കോളേജിന്റെയും സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെയും 2023-24 അദ്ധ്യയനവർഷത്തെ ക്ലാസ്സുകൾ ആരംഭിക്കുകയുണ്ടായി. ക്ലാസ്സുകൾ സുഗമമായും കാര്യക്ഷമമായും നടക്കുവാൻ ദയവായി പ്രാർത്ഥിക്കുവിൻ. ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ.

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനലിൽ എല്ലാ ദിവസവും രാവിലെ 5.00 മണിക്ക് തമിഴ്, ഇംഗ്ലീഷ്, ഹിന്ദി, തെലുങ്ക് ഭാഷകളിൽ ദൈവീക സന്ദേശം ലഭ്യമാണ്. നിങ്ങളുടെ മൊബൈൽ ഫോണിൽ 98410 71858 എന്ന ഞങ്ങളുടെ മൊബൈൽ നമ്പർ സേവ് ചെയ്യുവിൻ. ശുശ്രൂഷയെക്കുറിച്ചുള്ള വിവരങ്ങൾ നിങ്ങൾക്ക് അതിലൂടെ ലഭ്യമാകും. വിളിയുടെ പ്രതിധ്വനി യുട്യൂബ് ചാനലിന്റെ വരിക്കാരാകുകയും ചെയ്‌വിൻ.

‘സമയം’ സാങ്കേതികവിദ്യകളിലൂടെ കടന്നുപോകുന്നതിനാൽ, ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അതിനൊപ്പം പോകുവാൻ നാം നിർബന്ധിതരാകുകയാണ്. സുവിശേഷത്തിന്റെ സുവാർത്ത ഏതുവിധേനയും ജനങ്ങളിൽ എത്തട്ടെ. ദൈവത്തിനു മഹത്വം, ആമേൻ!

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ
**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**
(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com

Our Ministries: ☼ ECHO OF HIS CALL Monthly Magazines (16 languages) ☼ BIBLECOR - Postal Courses (3 languages) ☼ Media Ministry ☼ Online Courses ☼ Theological Correspondence Courses (2 languages) ☼ Church Planting ☼ Nehemiah Bible Colleges ☼ Gospel Printing Press ☼ Great Commission Partners ☼ St. Paul's Matriculation School ☼ Crusades ☼ Community Development

*... 1-ാം പേജിന്റെ തുടർച്ച*

**ദൈവത്തോടു അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു അടുത്തുവരും** (യാക്കോബ് 4:8) എന്ന് വേദപുസ്തകം പറയുന്നു. അപ്പോഴും വചനം പറയുന്നത് അവൻ നമ്മെ തിരഞ്ഞെടുത്തു എന്നാണ്. **നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു...** (യോഹന്നാൻ 15:16). അവനാണ് നമ്മെ ആദ്യം സ്നേഹിച്ചത്. **അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട്...** (1യോഹന്നാൻ 4:19). ദൈവത്തെ തിരഞ്ഞെടുക്കണമെന്നോ, സ്നേഹിക്കണമെന്നോ അവൻ ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല. തിരഞ്ഞെടുക്കുവാൻ നമുക്ക് സ്വാതന്ത്ര്യം നൽകിയിട്ടുള്ള സൗമ്യനായ ദൈവമാണ് നമുക്കുള്ളത്. എല്ലാവർക്കും അവസരം നൽകിയിട്ടുണ്ടെങ്കിലും ചിലർ മാത്രമേ അതു പ്രയോജനപ്പെടുത്തുന്നുള്ളൂ.

പ്രമുഖരായ വേദപുസ്തക കഥാപാത്രങ്ങൾ നടത്തിയ തിരഞ്ഞെടുപ്പുകളെക്കുറിച്ച് നമുക്കു ചിന്തിക്കാം.

## രണ്ടു കള്ളന്മാർ!

കുരിശിൽ യേശുവിന്റെ രണ്ടുവശത്തുമായി ക്രൂശിച്ച കള്ളന്മാരുടെ ഉദാഹരണം നമുക്കെടുക്കാം. അതിൽ ഒരാൾ യേശുവിനോട് **യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ** എന്നു പറഞ്ഞു (ലൂക്കൊസ് 23:42). **ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും** എന്ന് യേശു മറുപടിയും പറഞ്ഞു (ലൂക്കൊസ് 23:43). മറ്റെ കള്ളനാണെങ്കിൽ ജീവിതത്തിന്റെ അവസാന ഘട്ടത്തിൽ പോലും യേശുവിനെ കുറ്റപ്പെടുത്തുവാനാണ് അവൻ ശ്രമിച്ചത്. ഒരാൾ അനുതപിച്ചപ്പോൾ മറ്റെ ആൾ കുറ്റപ്പെടുത്തുവാനാണ് ശ്രമിച്ചത്. ഇത് അവർ രണ്ടുപേരും ചേർന്നെടുത്ത തീരുമാനമാണ്. ആരും അവരെ നിർബന്ധിച്ചില്ല. പക്ഷെ അത് ജീവിതത്തെ മാറ്റിമറിച്ച ഒരു തീരുമാനമായി മാറി. ഓർക്കണം എന്നു പറഞ്ഞ കള്ളനു മാത്രമല്ല, നമുക്കെല്ലാവർക്കും കൂടിയുള്ളതാണ്. അതുകൊണ്ടാണ് 2023-ലും നാം അതിനെക്കുറിച്ച് സംസാരിക്കുന്നത്.




## ശതാധിപൻ!

ദൈവത്തിന്റെ കുഞ്ഞാടിന്റെ ദാരുണ മരണത്തിനു സാക്ഷ്യം വഹിച്ച ക്രിസ്തുവിന്റെ ക്രൂശീകരണ ദിനത്തിൽ അവിടെ അനേകം ശതാധിപന്മാർ സന്നിഹിതരായിരുന്നു. യേശു വ്യത്യസ്ഥനാണെന്ന് അവർക്കു മനസ്സിലാക്കാൻ സാധിച്ചു എങ്കിലും ഒരാൾ ഒഴികെ ആരും അവൻ ദൈവപുത്രനാണെന്ന് ഏറ്റുപറയാനോ സാക്ഷീകരിക്കുവാനോ തയ്യാറായില്ല. കാൽവരിയിലെ കുരിശിൽ യേശുവിനെ തറച്ചപ്പോൾ അവന്റെ പാദപീഠത്തിൽ ഒരു ശതാധിപൻ ഉണ്ടായിരുന്നു. അവൻ പറഞ്ഞു: **അവൻ ദൈവപുത്രനായിരുന്നു സത്യം** (മത്തായി 27:54). യേശു ആരായിരുന്നു എന്ന് അവൻ തുറന്നു സാക്ഷ്യപ്പെടുത്തി. ആ പ്രസ്താവന ചെയ്യുവാൻ വളരെയധികം ധൈര്യവും ധീരതയും ആവശ്യമായിരുന്നു. ഇന്നും വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്ന അനേകം പേർ ഉണ്ട്-അപമാനിക്കപ്പെട്ടവർ, തടവിലാക്കപ്പെട്ടവർ, നഗ്നരാക്കപ്പെട്ടവർ, സ്വന്ത ജനങ്ങളാൽ നാണം കെട്ടവർ, തീവെയ്ക്കപ്പെട്ടവർ, പ്രായമായ മാതാപിതാക്കൾ പീഡനത്തിന് ഇരയായവർ... പക്ഷെ വിശ്വാസത്തിന്റെ ഈ പരീക്ഷണങ്ങളെയെല്ലാം അവർ സഹിച്ചു. **ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?** (റോമർ 8:35).

## പീലാത്തോസ്!

യേശുക്രിസ്തുവിന്റെ ജീവിതത്തെ മാറ്റിമറിക്കുവാനുള്ള തീരുമാനമെടുക്കാൻ പ്രാപ്തനായ പീലാത്തോസ് യഹൂദന്മാരുടെ പ്രീതി സമ്പാദിക്കുവാനും പ്രശസ്തി നേടുവാനുമായി എടുത്ത തീരുമാനത്തിൽ താൻ ദയനീയമായി പരാജയപ്പെട്ടു. വേദപുസ്തകം ഇങ്ങനെ പറയുന്നു: **നന്മ ചെയ്‌വാൻ നിനക്കു പ്രാപ്തിയുള്ളപ്പോൾ അതിന്നു യോഗ്യന്മാരായിരിക്കുന്നവർക്കു ചെയ്യാതിരിക്കരുതു** (സദൃശ്യവാക്യങ്ങൾ 3:27); **ആകയാൽ അവസരം കിട്ടും പോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക** (ഗലാത്യർ 6:10). നല്ലതു ചെയ്യാൻ ബോധപൂർവ്വമായ തീരുമാനമെടുക്കണമെന്നതു വേദപുസ്തകം നമുക്കു നൽകിയിരിക്കുന്ന തിരഞ്ഞെടുപ്പാണ്, ബോധപൂർവ്വമായ തിരഞ്ഞെടുപ്പ്!

തകർന്നവർ, ആവശ്യത്തിലിരിക്കുന്നവർ, അശരണർ, ശക്തികെട്ടവർ, ഭവനരഹിതർ, ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ എന്നിവരെ സഹായിക്കാൻ കഴിയുന്ന ഒരു സ്ഥാനത്താണ് ദൈവം നിങ്ങളെ ആക്കിയിരിക്കുന്നതെങ്കിൽ അവരെ സഹായിക്കുവാനുള്ള തിരഞ്ഞെടുപ്പ് എടുക്കുവിൻ. ശരിയായ ലക്ഷ്യത്തിനുവേണ്ടി പോരാടുവാനായി ചാമ്പ്യന്മാരെ ആവശ്യമുണ്ട്. ബലഹീനരെയും രോഗികളെയും സഹായിക്കുവാനായി ഉഴിഞ്ഞുവെച്ച അത്ഭുതകരമായ ജീവിതമാണ് മദർ തെരേസയുടേത്. യുവതികളുടെ ആവശ്യങ്ങൾക്കായി പോരാടിയ ചാമ്പ്യനാണ് എമി കാർമൈക്കിൾ. സമൂഹത്തിലെ ബലഹീനർക്കുവേണ്ടി ഇവർ ചെയ്യാനുള്ളതൊക്കെയും ചെയ്തു. ചിലർ തങ്ങളുടെ സഹജീവിതങ്ങളുടെ ആവശ്യങ്ങൾക്കു കാതോർക്കാതെ സ്വയം കേന്ദ്രീകൃതമായി ജീവിക്കുന്നു. പള്ളികളിലും ഇതു കാണുന്നു എന്നതാണ് ഏറ്റവും സങ്കടകരമായത്. ഇതു മാറ്റാനുള്ള കൃപ ദൈവം നമുക്കു നൽകട്ടെ.

യേശുക്രിസ്തു കുറ്റമില്ലാത്തവനാണെന്ന് പീലാത്തോസിന് അറിയാമായിരുന്നു. അവന് യേശുവിനെ വിട്ടയക്കാൻ തിരഞ്ഞെടുക്കാമായിരുന്നു. പക്ഷെ അത് അവൻ പരസ്യമായി ചെയ്യുവാൻ ഇഷ്ടപ്പെട്ടില്ല. യേശുക്രിസ്തുവിനെ മോചിപ്പിക്കാൻ ജനങ്ങൾ തിരഞ്ഞെടുക്കുമെന്ന പ്രതീക്ഷയോടെ, യേശുവിനെയോ ബറബ്ബാസിനെയോ വിട്ടയക്കേണ്ടതെന്ന് തിരഞ്ഞെടുക്കാനുള്ള തീരുമാനമെടുക്കാൻ ജനത്തിനു വിടുന്നു. പക്ഷെ, അവർ ബറബ്ബാസിനെ ചോദിക്കുന്നു. ഇത് പീലാത്തോസ് നഷ്ടമാക്കിയ അവസരമായിരുന്നു. പക്ഷെ, തെറ്റായ കാരണത്തിനായി കിട്ടിയ അവസരം നന്നായി വിനിയോഗിച്ചു. നഷ്ടമാക്കിയ തിരഞ്ഞെടുപ്പുകൾ!!



തക്ക സമയത്ത് തിരഞ്ഞെടുക്കുന്നതിൽ പരാജയപ്പെട്ടതിനാൽ നമ്മിൽ എത്രയോ പേർ അവസരങ്ങൾ നഷ്ടപ്പെടുത്തിയിട്ടുണ്ട്! പക്ഷെ രണ്ടാമതൊരു അവസരം കൂടെ നൽകുന്ന ദൈവമാണ് നമുക്കുള്ളത്. അതും നഷ്ടമായാലും മറ്റൊരു ദൈവീക പദ്ധതിയുമായി നമ്മുടെ അടുക്കൽ വരും. ദൈവസ്നേഹം അങ്ങനെയാണ്. എനിക്ക് എല്ലാം ചെയ്യാമായിരുന്നു, പക്ഷെ എന്റെ പ്രായം കടന്നുപോയി, എന്റെ ശക്തിയെല്ലാം ക്ഷയിച്ചുപോയി, എന്റെ വർഷങ്ങൾ പാഴായിപ്പോയി.

പ്രീയ സഹോദരീ സഹോദരന്മാരേ, നിങ്ങൾ സമയം പാഴാക്കിയെന്നും, അതു ചെയ്യുവാൻ വൈകിപ്പോയി എന്നും കരുതുകയാണെങ്കിൽ ദൈവരാജ്യത്തിനു സമയം ഇല്ല എന്നു മനസ്സിലാക്കുവിൻ. ദൈവത്തിന്റെ സമയം തികവുള്ളതാണ്. മോശെയ്ക്ക് 40 വയസ്സായപ്പോൾ ദൈവം അവനെ ഉപയോഗിക്കുന്നതിനു പകരം 80 വയസ്സായപ്പോഴാണ് അവനെ ഉപയോഗിച്ചത്. 80 വയസ്സായപ്പോൾ കാലേബിന് യുദ്ധം ചെയ്തു കീഴടക്കാനുള്ള ശക്തിയുണ്ടായിരുന്നു. നിങ്ങൾ നഷ്ടപ്പെടുത്തിയ കാലത്തെ യേശുവിനു സമർപ്പിക്കുവിൻ. അവൻ അത് മനോഹരമാക്കും. ഒരു പഴയ പാട്ട് ഓർമ്മ വരികയാണ്.

അവയെല്ലാം യേശുവിനു നൽകുവിൻ. തകർന്ന സ്വപ്നങ്ങൾ, മുറിവേറ്റ ഹൃദയങ്ങൾ, കേടായ കളിപ്പാട്ടങ്ങൾ. അവയെല്ലാം യേശുവിനു നൽകുവിൻ. അവൻ നിങ്ങളുടെ ദുഃഖത്തെ സന്തോഷമാക്കിത്തീർക്കും. അവയെല്ലാം യേശുവിനു നൽകുവാൻ പഠിക്കാം.

# പത്രൊസ്!

യേശുക്രിസ്തുവിന്റെ ആദ്യകാല ശിഷ്യന്മാരിൽ ഒരാളായിരുന്നു പത്രൊസ്. ശിഷ്യന്മാരിൽ പ്രാധാന്യമുള്ള മൂന്നു പേരിൽ ഒരാളായിരുന്നു പത്രൊസ്. യേശുക്രിസ്തുവിന്റെ മലമുകളിലുള്ള രൂപാന്തരത്തിലും പത്രൊസ് യേശുവിനോടൊപ്പം ഉണ്ടായിരുന്നു.

ഞാൻ പത്രൊസ് എന്ന കഥാപാത്രത്തെ ഇഷ്ടപ്പെടുന്നു. വല്ലാത്ത ആവേശവും തീഷ്ണതയും ഉണ്ടായിരുന്ന മനുഷ്യൻ! രൂപാന്തരത്തിന്റെ പർവ്വതത്തിൽ യേശുക്രിസ്തുവിനും മോശെക്കും ഏലിയാവിനും കൂടാരം ഉണ്ടാക്കുവാൻ അവൻ ആഗ്രഹിച്ചു. യേശുക്രിസ്തു തന്റെ ദാരുണമായ മരണത്തെക്കുറിച്ച് പറഞ്ഞപ്പോൾ പത്രൊസാണ് വികാരാധീനനായി ആദ്യം സംസാരിച്ചത്, **കർത്താവേ ഞാൻ നിന്നോടുകൂടെ തടവിലാകുവാനും മരിപ്പാനും ഒരുങ്ങിയിരിക്കുന്നു** (ലൂക്കൊസ് 22:33). പത്രൊസ് സംരക്ഷകനും ദേഷ്യക്കാരനും ആയിരുന്നു. പടയാളികൾ യേശുവിനെ കൊണ്ടുപോകുവാൻ വന്നപ്പോൾ അവൻ വാളെടുത്ത് ഒരാളുടെ കാത് അറുത്തുകളഞ്ഞു. അവൻ വികാരാധീനനായിരുന്നു. ഏതു സാഹചര്യത്തിലും അവൻ ഒന്നാമനാകുവാൻ ആഗ്രഹിച്ചിരുന്നു, അവൻ എപ്പോഴും സജീവവുമായിരുന്നു.

പത്രൊസ് ഒരു ജനകേന്ദ്രീകൃത മനുഷ്യനായിരുന്നു. അവൻ തന്റെ സഹോദരനായ അന്ത്രയോസുമായി അടുത്ത ബന്ധം ഉണ്ടായിരുന്നതിനാൽ അവൻ ആവശ്യപ്പെട്ടപ്പോൾ തന്നെ അന്ത്രയോസ് യേശുവിനെ കാണാൻ പുറപ്പെട്ടു. പത്രൊസിന്റെ അമ്മായി അമ്മയെക്കുറിച്ചും നാം വേദപുസ്തകത്തിൽ വായിക്കുന്നു. അതിനാൽ അവന് കുടുംബവുമായി നല്ല ബന്ധം ഉണ്ടായിരുന്നു എന്നു കരുതാം. അവൻ ലക്ഷ്യബോധവുമുള്ളവനായിരുന്നു. വരാനുള്ള മശിഹയാണ് യേശുക്രിസ്തു എന്ന് അവന് പൂർണ്ണ ബോധമുണ്ടായിരുന്നു. ഈ സ്വഭാവവിശേഷങ്ങൾ പിന്നീട് അവന്റെ ശുശ്രൂഷാ രംഗത്തും കാണാൻ സാധിക്കും.

യേശുക്രിസ്തുവിനെ ഇത്രയധികം ബഹുമാനിച്ചിരുന്നവനും, സമർപ്പിതനും, സ്നേഹനിധിയായവനും, വികാരാധീനനും, ജനസ്നേഹിയുമായ പത്രൊസ് എങ്ങനെയാണ് യേശുക്രിസ്തുവിനെ തള്ളിപ്പറയാൻ സാധിച്ചത്? അതും യേശു മുന്നറിയിപ്പു നൽകിയിട്ടും, ഒന്നല്ല, മൂന്നു പ്രാവശ്യം! അവൻ തള്ളിപ്പറഞ്ഞതു മാത്രമല്ല, ശപിക്കാനും തുടങ്ങി. ഇതു വായിക്കുമ്പോൾ, പത്രൊസ് ഒരു ഭീകരമനുഷ്യനാണെന്നു കരുതി അവനെ ന്യായം വിധിച്ചേക്കാം. പക്ഷെ നാം ഒരു കാര്യം ചിന്തിച്ചുനോക്കുക, ക്രിസ്തുവിനെ പ്രബുദ്ധരും ആത്മാർത്ഥതയുമുള്ള അനുയായികളായ നാം വാക്കിലും പ്രവൃത്തിയിലും നോട്ടത്തി

06-ാം പേജിൽ തുടരും...


नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।

माध्यमः हिन्दी

सदस्यता के लिए पंजीकृत उम्मीदवार - ATA

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 53 वर्षों से सेवारत वरिष्ठ पासवान

सर्टिफिकेट इन थियोलॉजी – 1 साल
डिप्लोमा ऑफ थियोलॉजी – 2 साल
Bachelor in Theology : Three years

योग्यता 10 वी या अधिक
जल्दी करें!

Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

***ജൂലൈ 19*** ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, വേദശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സ് എന്നിവയുടെ എല്ലാ പ്രവർത്തനങ്ങൾക്കായി.

***ജൂലൈ 20*** ⇨ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങളെയും അനുഗ്രച്ചതിനായി.

***ജൂലൈ 21*** ⇨ നെഹെമ്യ ബൈബിൾ കോളേജിലെ റസിഡൻഷ്യൽ, സായാഹ്ന കോഴ്സുകളിലേക്കുള്ള വിദ്യാർത്ഥികളെ കണ്ടെത്താനുള്ള ഞങ്ങളുടെ ശ്രമങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

***ജൂലൈ 22*** ⇨ മിഷണറി പ്രവർത്തകരുടെ മഹത്തായ പ്രതിബദ്ധതക്കായി.

***ജൂലൈ 23*** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസപങ്കാളികൾ, ആയുഷ്കാല പങ്കാളികൾ, മാസിക വരിക്കാർ, പരമനിയോഗ പങ്കാളികൾ തുടയങ്ങിയവർക്കായും അവരുടെ കുടുംബാഗങ്ങൾക്കായും.

***ജൂലൈ 24*** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും പാസ്റ്റർമാരെയും മുതിർന്ന അംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

***ജൂലൈ 25*** ⇨ ഞങ്ങളുടെ സുവിശേഷ അച്ചടിശാല കാര്യക്ഷമതയുള്ള ജീവനക്കാരുമായി തുടർച്ചയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനായി.

***ജൂലൈ 26*** ⇨ 1969 മുതലുള്ള മാസിക ശുശ്രൂഷയെ ദൈവം അനുഗ്രഹിച്ചതിനായി.

***ജൂലൈ 27*** ⇨ കൂടുതൽ വിശ്വാസികളുമായി മുഖ്യസഭയെ അനുഗ്രഹിച്ചതിനായി.

***ജൂലൈ 28*** ⇨ ബാലാജി നഗർ, സന്തോഷപുരം, വേളാച്ചേരി എന്നിവിടങ്ങളിലെ പള്ളികളിൽ ഞായർ ആരാധനക്കായി കൂടുതൽ പേർ കടന്നു വരുന്നു, അതിനായി.

***ജൂലൈ 29*** ⇨ നെഹെമ്യ ബൈബിൾ കോളേജ്, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ എന്നിവിടങ്ങളിൽ 2023-24 വർഷത്തെ പ്രവേശനം അനുഗ്രഹമാക്കിയതിനായി.

***ജൂലൈ 30*** ⇨ ഗ്ലോബൽ വിഷൻ ഫോർ യൂത്ത് ആന്റ് കിഡ് കെയർ ശുശ്രൂഷയെ അനുഗ്രഹിച്ചതിനായി.

***ജൂലൈ 31*** ⇨ 5 മിനിട്ട് യുട്യൂബ് സന്ദേശങ്ങളെ അനുഗ്രഹിച്ചതിനായി.

***ആഗസ്റ്റ് 01*** ⇨ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ എത്തിക്കുവാൻ ദൈവം സഹായിക്കുന്നു.

***ആഗസ്റ്റ് 02*** ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലേക്ക് നല്ല പ്രിൻസിപ്പാളിനെയും അദ്ധ്യാപകരെയും ലഭിച്ചതിനായി.

***ആഗസ്റ്റ് 03*** ⇨ നമ്മുടെ സഭകളിലെ പാസ്റ്റർമാർ, ജീവനക്കാർ എന്നിവർക്കായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

***ആഗസ്റ്റ് 04*** ⇨ ഒരിക്കൽകൂടി ദൈവകൃപ ജനങ്ങളുടെമേൽ വർഷിക്കപ്പെടുവാൻ.

***ആഗസ്റ്റ് 05*** ⇨ കർത്താവിൽ നിലനിൽക്കാനും ആരാധനകളിൽ ക്രമമായി പങ്കെടുക്കുവാനും വെക്കേഷൻ ബൈബിൾ സ്കൂളിലൂടെ നൂറുകണക്കിനു കുഞ്ഞുങ്ങൾക്ക് ദൈവം പ്രചോതനം നൽകി.

***ആഗസ്റ്റ് 06*** ⇨ മിഷണറിമാർക്കും ദൈവദാസന്മാർക്കും എതിരെയുള്ള അതിക്രമങ്ങൾ അവസാനിക്കുവാനായി.

***ആഗസ്റ്റ് 07*** ⇨ കൊറോണ ഈ ഭൂമുഖത്തുനിന്നും തുടച്ചുനീക്കപ്പെടുവാനായി.

***ആഗസ്റ്റ് 08*** ⇨ കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുന്ന സാത്താന്റെ ദുഷ്ട പ്രവർത്തനങ്ങൾ നശിച്ചു പോകുവാൻ.

***ആഗസ്റ്റ് 09*** ⇨ ദൈവമക്കൾക്ക് ആത്മീകവും ഭൗതീകവുമായ നന്മകൾ ലഭിക്കുവാനായി.

***ആഗസ്റ്റ് 10*** ⇨ വിളിയുടെ പ്രതിധ്വനിയുടെ പ്രവർത്തനങ്ങൾ ഇന്ന് 55-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നതിനായി.

***ആഗസ്റ്റ് 11*** ⇨ ലോകത്തിൽ നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യം അവസാനിക്കുവാനായി.

***ആഗസ്റ്റ് 12*** ⇨ നമ്മുടെ ശുശ്രൂഷയുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറപ്പെടുവാനായി.

***ആഗസ്റ്റ് 13*** ⇨ ഈ ലോകത്തിലെ എല്ലാ ജനങ്ങളുടെയും ആവശ്യങ്ങൾ നിറവേറപ്പെടുവാനായി.

***ആഗസ്റ്റ് 14*** ⇨ ബംഗാളി ഡി.റ്റി.പി. ഓപ്പറേറ്റർ ബ്ര. ഇന്ദ്രജിത് റോയിയുടെ രോഗം മാറി അതിവേഗം സുഖം പ്രാപിക്കുവാനായി.

***ആഗസ്റ്റ് 15*** ⇨ നമ്മുടെ ജീവനക്കാരും കുടുംബാംഗങ്ങളും പൂർണ്ണ ആരോഗ്യത്തോടെ ആയിരിക്കുവാനായി.

***ആഗസ്റ്റ് 16*** ⇨ മാദ്ധ്യമ ശുശ്രൂഷാ മന്ത്രാലയം രാവിലെ 5.00 മണിക്ക് യുട്യൂബ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന 5 മിനിട്ട് പരിപാടിയുടെ അനുഗ്രഹത്തിനായി.

***ആഗസ്റ്റ് 17*** ⇨ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബത്തെയും ദുഷ്ടശക്തികളിൽനിന്നും തുടർന്നും സംരക്ഷണം ലഭിക്കുവാൻ.

***ആഗസ്റ്റ് 18*** ⇨ നെഹെമ്യ ബൈബിൾ കോളേജ് ലൈബ്രറി പുസ്തകങ്ങൾ KOHA സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുന്നതിനായി.

... 4-ാം പേജിന്റെ തുടർച്ച

ലും ക്രിസ്തുവിനെ തള്ളിപ്പറഞ്ഞു എന്നു ആദ്യം ചിന്തിക്കാം. പലരും പറയുന്നതു കേട്ടിട്ടുണ്ട്: "ഞാൻ വഴുതി വീണു, അതു വളരെ വളരെ വേഗത്തിലായിരുന്നു". ആ നിമിഷത്തിന്റെ ചിന്തയിലാണ് അവൻ യേശുവിനെ തള്ളിപ്പറഞ്ഞതെന്ന് എത്ര പേർ വിശ്വസിക്കുന്നു? ഈ മഹത്തായ അപ്പൊസ്തലനെ ജനങ്ങൾ തള്ളിക്കളയാതെ അവൻ ചെയ്ത നല്ല കാര്യങ്ങൾ അനുകരിക്കാൻ ശ്രമിക്കുവിൻ.

ഇത് ആ സമയത്ത് സംഭവിച്ച ഒന്നാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അതോ ഇത് ഒരു പ്രക്രിയയാണോ?

പ്രതിബദ്ധതയുള്ളവർ, സ്നേഹമുള്ളവർ, വികാരാധീനരായവർ, ലക്ഷ്യബോധമുള്ളവർ എന്നിവർക്ക് ക്രിസ്തുവിനെ തള്ളിപ്പറയുക എന്നത് എളുപ്പമുള്ള കാര്യമല്ല എന്നു ഞാൻ വിശ്വസിക്കുന്നു. ഇതെല്ലാം ആരംഭിച്ചത് എപ്പോഴാണെന്നു നിങ്ങൾ കരുതുന്നു? മത്തായി 26:58 അനുസരിച്ച് പത്രൊസ് യേശുക്രിസ്തുവിനെ ഒരു 'അകലത്തിൽ' അനുഗമിക്കാൻ ശ്രമിച്ചപ്പോഴാണ്.

പത്രൊസ് യേശുവിനെ ഒരു അകലം ഇട്ട് അനുഗമിച്ചു എന്ന് വേദപുസ്തകം മനോഹരമായി രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മിൽ പലരും യേശുക്രിസ്തുവിനെ സ്നേഹിക്കയും അവനിൽ നിന്നുള്ള അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ദാതാവും സംരക്ഷകനുമാണ് അവൻ എന്ന് നാം അറിയുന്നത് മഹത്തായതാണ്, എന്നാലും അവനെ അടുത്ത് അനുഗമിക്കാതെ അകലെ ആയിരിക്കാൻ നാം ആഗ്രഹിക്കുന്നു. ദൂരെ നിന്നും അവനെ പിന്തുടന്നത് സുരക്ഷിതമാണ് എന്ന് നമ്മിൽ ചിലരെങ്കിലും കരുതുന്നുണ്ടാകും. കാരണം അവൻ നമ്മിൽ നിന്നും കൂടുതൽ ഒന്നും ആവശ്യപ്പെടുകയില്ല എന്ന തോന്നൽ കൊണ്ടാണ്. ക്രിസ്തുവിന്റെ ഒരു തീഷ്ണ അനുയായി എന്ന് അറിയപ്പെടുകയുമില്ല, ദൈവീകത്തിലും ലൗകീകത്തിൽ നിന്നും മികച്ചത് സ്വീകരിക്കുവാനും കഴിയും. വളരെ രസകരമായ ഒത്തുതീർപ്പ്!

പ്രീയ സുഹൃത്തുക്കളേ, ഒരേ സമയം ദൈവത്തെയും ലോകത്തെയും പിന്തുടരുവാൻ കഴിയുകയില്ല എന്ന് വേദപുസ്തകം പറയുന്നു (യാക്കോബ് 4:4). **വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?** ഒന്നുകിൽ ദൈവത്തിന്റെ കൂടെ, അല്ലെങ്കിൽ ലോകത്തിന്റെ കൂടെ! ഇടവഴി ഒന്നും ഇല്ല. നാം ദൈവത്തിന്റെ പക്ഷത്തല്ല എങ്കിൽ നാം ദൈവത്തിന്റെ ശത്രുവായി തീരുന്നു. അതിനാൽ ഒരു വ്യക്തി എത്ര ആത്മീയനും ഭക്തനും ആയാലും അനുഗമിക്കുന്നത് അകലെ നിന്നാകുന്നു എങ്കിൽ നിങ്ങൾ അപകടത്തിലാണ്.

ക്രിസ്തുവിനോടൊത്തുള്ള നിങ്ങളുടെ നടത്തം ഇന്ന് എവിടെയാണ്? നിങ്ങളുടെ കർത്താവിനോടൊപ്പമാണോ അതോ അകലെയാണോ? ഇത് നാമോരോരുത്തരും ചെയ്യേണ്ട തിരഞ്ഞെടുപ്പാണ്. മുൻപ് സൂചിപ്പിച്ചതുപോലെ, യേശു കർത്താവ് നമ്മെ അത്യധികമായി സ്നേഹിക്കുന്നതിനാൽ തിരഞ്ഞെടുക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം നമുക്കു തന്നിട്ടുണ്ട്. **നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും** (യോഹന്നാൻ 15:7). ദൈവവുമായി ചേർന്നു നടക്കേണ്ടുന്നതിന്റെ പ്രാധാന്യം ഇതു നമ്മെ പഠിപ്പിക്കുന്നു.

പ്രീയ സുഹൃത്തുക്കളേ, നാം ജീവിക്കുന്ന ഈ ലോകം സങ്കീർണ്ണത നിറഞ്ഞതാണ്. നമ്മുടെ ജോലി, കുടുംബം, വ്യക്തിജീവിതം, ഇതൊക്കെ കൈകാര്യം ചെയ്യുന്നത് വലിയ വെല്ലുവിളിയാണ്. ചിലപ്പോൾ നമ്മുടെ ജീവിതത്തിൽ നാം അനുഭവിക്കുന്ന നിരാശകൾ, വേദനകൾ, വിശ്വാസവഞ്ചന, വേർപിരിയൽ, മരണം, പിന്നിൽ നിന്നുള്ള കുത്തൽ എന്നീ കാര്യങ്ങൾ മാനസിക തകർച്ചക്ക് കാരണമാകും. ഈ സാഹചര്യത്തിൽ കഴിയുന്ന എത്ര പേർ നമ്മുടെ ഇടയിലൊക്കെയുണ്ടെന്ന് എനിക്ക് അറിയില്ല; മറ്റൊരാൾ എടുത്ത തീരുമാനത്തിന്റെ അനന്തരഫലമാണ് ഞാൻ അനുഭവിക്കുന്നത് എന്നും ഇതൊക്കെ അനുഭവിക്കാൻ ഞാൻ യോഗ്യനല്ല എന്നും നിങ്ങൾ ചിന്തിക്കുന്നുണ്ടാകും. ഈ കാരണങ്ങളാൽ നിങ്ങൾ യൂദാസിനെപ്പോലെ ദൈവത്തെ പിന്തുടരുന്നത് മതിയാക്കുകയോ പത്രൊസിനെപ്പോലെ അകലം പാലിക്കുകയോ ചെയ്യുകയായിരിക്കും. പക്ഷെ, രണ്ടും അപകടകാരികളാണെന്നതാണ് സത്യം.

പത്രൊസിന്റെ തള്ളിപ്പറച്ചിൽ പെട്ടെന്ന് ഉണ്ടായതല്ല, പതിയെ പതിയെ ആണ്. യേശു ക്രിസ്തുവിനെ പടയാളികൾ പിടിച്ചുകൊണ്ടു പോയപ്പോൾ ഭാവിയിൽ തങ്ങൾക്ക് എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന ആശങ്കയിൽ അവർ ഭയപ്പെട്ടുപോയി. അതേസമ

09-ാം പേജിൽ തുടരും...


യഹോവ ഞങ്ങളിൽ വങ്കാര്യങ്ങളെ ചെയ്തിരിക്കുന്നു; അതുകൊണ്ടു ഞങ്ങൾ സന്തോഷിക്കുന്നു – സങ്കീർത്തനങ്ങൾ 126:3

ECHO OF HIS CALL 1969-2019 GOLDEN JUBILEE REACHING NATIONS

# വിളിയുടെ പ്രതിധ്വനി
## ശുശ്രൂഷ
## 55 – ാമതു വാർഷികം
1969 – 2023

**സ്ഥലം:**
**വിളിയുടെ പ്രതിധ്വനി**
10, MOHAMMED ABDULLAH 2ND STREET,
CHEPAUK, CHENNAI - 600 005, INDIA.

**പ്രത്യേക പരിപാടികൾ**
11 – 08 – 2023 വെള്ളി
12 – 08 – 2023 ശനി
13 – 08 – 2023 ഞായർ

**പ്രത്യേക സന്ദേശം :**
## സിസ്റ്റർ ഏഞ്ചലിൻ സെൽവകുമാരി

✻ പ്രാർത്ഥിക്കുവിൻ! ✻

ബന്ധപ്പെടുവിൻ : പാസ്റ്റർ എസ്. സാം സെൽവരാജ് – (+91) 98410 71852)

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | | |
|---|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – | 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – | ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – | മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – | രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – | ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – | പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | | |
| 08. | ക്രൂസേഡുകൾ | | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – | പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – | ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – | ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – | രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – | ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – | ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – | ഞായർ വൈകുന്നേരം 6.00 മണി |
| 17. | പാസ്റ്റർമാരുടെ കൗൺസലിംഗ് | – | ഞായർ വൈകുന്നേരം 4.00 മണി |
| 18. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – | ബുധൻ വൈകുന്നേരം 5.30 മണി |
| 19. | മദ്ധ്യ ആഴ്ച വചന ധ്യാനം | – | ബുധൻ വൈകുന്നേരം 6.30 മണി |
| 20. | പുരുഷന്മാരുടെ യോഗം | – | വെള്ളി വൈകുന്നേരം 7.00 മണി |
| 21. | ശിഷ്യത്വ യോഗം | – | ശനി വൈകുന്നേരം 6.00 മണി |
| 22. | ഭവന കൂട്ടായ്മ | – | ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 23. | പ്രത്യേക കർത്തൃമേശ | – | എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 24. | സുവിശേഷകരുടെ അവലോകനം | – | ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 25. | രക്ഷിതാക്കളുടെ പ്രാർത്ഥന | – | ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 26. | രാത്രി പ്രാർത്ഥന | – | രണ്ടാം വെള്ളി രാത്രി 9.30 മണി |
| 27. | ഉപവാസ പ്രാർത്ഥന | – | ആദ്യ ശനി രാവിലെ 9.30 മണി |
| 28. | കർത്തൃമേശ | – | രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 29. | Youth / Kid Prayer | - | 10.00 p.m. daily |
| 30. | ജീവനക്കാരുടെ ധ്യാനം | – | ദിവസവും രാവിലെ 9.00 മണി |
| 31. | ഓഫീസ് | – | രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## ഇന്ത്യയ്ക്കകത്തുള്ള അപേക്ഷകർക്കുള്ള തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ്(96പേജുകൾ) എന്നീ ഭാഷകളിൽ തപാലിൽ കോഴ്സുകൾ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് നിങ്ങൾക്ക് ലഭിക്കുന്നു. കോഴ് സ് പൂർത്തിയാക്കുമ്പോൾ സർട്ടി ിക്കേ റ്റ് ലഭിക്കുന്നതാണ്. നിർബന്ധിത ഫീ സ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, **Post Box 2957**
CHEPAUK, CHENNAI - 600 005.
**Ph.: (044) 2852 8282, 2852 9293, 2854 7766,**
**Cell : 98410 71852, 95661 31858**
**E.mail : biblecor@yahoo.co.in**

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## എന്റെ ജീവിതത്തിൽ ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശവും കരുതലും!

**അവനെ ഭയപ്പെടുന്നവരുടെ ആഗ്രഹങ്ങൾ അവൻ നിറവേറ്റും – സങ്കീർത്തനങ്ങൾ 145:19**

1982 ൽ ചെന്നൈയിലെ (മദ്രാസ്) ചെപ്പോക്ക് എന്ന സ്ഥലത്ത് സഭാ ശുശ്രൂഷ ആരംഭിക്കുവാൻ എന്നെ പ്രാപ്തനാക്കുന്നതിലൂടെ കർത്താവ് എന്നോടു കൃപ കാണിച്ചു. സാമ്പത്തികമായ ബുദ്ധിമുട്ടും അതാതു പ്രദേശത്തെ ക്രിസ്തീയ വിരുദ്ധരുടെ എതിർപ്പും അസൂയയും കാരണവും സഭയുടെ തുടക്കം മുതൽ തന്നെ പല സ്ഥലങ്ങളിലേക്കും മാറി മാറി പ്രയാണം ചെയ്യുകയായിരുന്നു.

അവസാനം ശ്രീ. ജോർജ് എന്ന സുഹൃത്തിന്റെ വീടിനുള്ളിലെ വായുസഞ്ചാരമില്ലാത്ത മുറിയിൽ ഞായർ ആരാധന നടത്തുകയായിരുന്നു.

ഒരു ഞായറാഴ്ച ആരാധനാസമയത്ത് ഈ സ്ഥലത്തു തന്നെ ആരാധന നടത്തുവാനായി വിശാലമായ ആരാധനാസ്ഥലം സ്വന്തമായി തരും എന്ന് പരിശുദ്ധാത്മാവിന്റെ പ്രേരണ എനിക്കു ലഭിച്ചു. അത് സഭാജനങ്ങളോടു പറഞ്ഞ് അവരുടെ പ്രാർത്ഥന കൂടി അഭ്യർത്ഥിക്കുവാൻ ദൈവം പറഞ്ഞു. ദൈവം പറഞ്ഞത് ഞാൻ ആരാധനയിൽ പങ്കെടുത്തവരോട് അറിയിച്ചു.

- പള്ളിയിൽ ഉണ്ടായിരുന്നവർ ഞാൻ പറയുന്നതു ശ്രദ്ധിച്ച് പരിഹാസ്യമായ നോട്ടത്തിലൂടെ എന്നെ പരിഹസിച്ചു.
- നമ്മുടെ മോശമായ സാമ്പത്തിക സ്ഥിതി വച്ച് വസ്തു വാങ്ങുന്നതു സാദ്ധ്യമാണോ എന്ന് അവർ ചോദിച്ചു.
- നമുക്ക് പണം ഉണ്ടെങ്കിൽപോലും ഈ ജനസാന്ദ്രതയുള്ള സ്ഥലത്ത് വില്പനക്കായിട്ട് ഒരു സ്ഥലം എവിടെയാണ് ലഭ്യമാകുക എന്ന് ചിലർ ആത്മീയമായി സമ്മർദ്ദം ചെലുത്തി.

ദൈവത്തിന്റെ പേരും പറഞ്ഞ് നടക്കാൻ സാദ്ധ്യതയില്ലാത്ത സന്ദേശം നൽകിയത് മാന്യനായ ഒരു ദൈവപുരുഷനു ചേർന്നതാണോ എന്ന് എന്റെ ചില സുഹൃത്തുക്കൾ വിമർശനത്തോടെ എന്നോടു ചോദിച്ചു.

ഇതു കേട്ടപ്പോൾ എനിക്ക് കഠിനമായ ആശയക്കുഴപ്പം ഉണ്ടായി. വിശ്വാസത്തിന്റെ വെല്ലുവിളി സ്വീകരിച്ച് എന്നോടൊപ്പം നിൽക്കാൻ തയ്യാറായ ഒരു മനുഷ്യനെപ്പോലും എനിക്കു കണ്ടെത്താനായില്ല. ക്രിസ്തീയ സുവിശേഷകർ അപ്രായോഗികവും ഒരിക്കലും സ്വീകരിക്കാൻ കഴിയാത്ത ആശയങ്ങൾ പറഞ്ഞുകൊണ്ടിരിക്കുക അല്ലാതെ മറ്റൊരു പണിയുമില്ലെന്ന് പൊതു സമൂഹം എന്നെ കുറ്റപ്പെടുത്തി. എന്റെ മനസ്സു കാണാൻ അവർ ശ്രമിച്ചില്ല.

പക്ഷെ ഞാൻ നിരാശനായില്ല. കർത്താവ് എന്നെ ആശ്വസിപ്പിക്കുകയും വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ ദൈവത്തിൽ ശക്തമായി ആശ്രയിക്കാൻ എനിക്കു കൃപ നൽകുകയും ചെയ്തു (എബ്രായർ 12:1). **പുഴുവായ യാക്കോബേ, യിസ്രായേൽ പരിഷയേ, ഭയപ്പെടേണ്ട; ഞാൻ നിന്നെ സഹായിക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു; നിന്റെ വീണ്ടെടുപ്പുകാരൻ യിസ്രായേലിന്റെ പരിശുദ്ധൻ തന്നേ. ഇതാ, ഞാൻ നിന്നെ പുതിയതും മൂർച്ചയേറിയതും പല്ലേറിയതും ആയ മെതിവണ്ടിയാക്കി തീർക്കുന്നു; നീ പർവ്വതങ്ങളെ മെതിച്ചു പൊടിക്കുകയും കുന്നുകളെ പതിർപോലെ ആക്കുകയും ചെയ്യും** (യെശയ്യാവ് 41:14,15).

ദിവസങ്ങൾ കടന്നുപോയി. ഞാനുമായി ബന്ധപ്പെട്ടുനിൽക്കുന്ന എല്ലാവരുടെയും മുമ്പിൽ ദൈവം എന്നെ അനുഗ്രഹിക്കുകയും പരിശുദ്ധാത്മാവിനാൽ എനിക്കു വെളിപ്പെടുത്തിത്തന്ന അതേ സ്ഥലത്ത് ദൈവത്തെ ആരാധിക്കാൻ അതിശയകരമായ ഒരു സ്ഥലം എനിക്കു തരികയും ചെയ്തു.

ആ വസ്തു എനിക്കു ലഭിക്കും എന്നു തീരുമായതിനുശേഷം അയൽക്കാരെല്ലാം കരുതിയതുപോലെ തന്നെ ആ സ്ഥലം വാങ്ങുവാൻ പണം കണ്ടെത്തുവാൻ കഴിഞ്ഞില്ല. ഞാൻ എനിക്കറിയാവുന്ന പലരോടും സഹായം അഭ്യർത്ഥിച്ചു എങ്കിലും എന്റെ സാമ്പത്തികസ്ഥിതി വളരെ മോശമാണെന്ന് അറിയാവുന്നതിനാൽ ആരും സഹായിച്ചില്ല. ഈ സാഹചര്യത്തിൽ, അപ്പോൾ ഞാൻ സർക്കാർ ഉദ്യോഗസ്ഥനായതിനാൽ വസ്തു വാങ്ങുവാനായി ഒര്യ വ്യക്തിഗത വായ്പ ലഭ്യമാക്കുവാൻ കഴിഞ്ഞു. ഇതിനായി അക്രൈസ്തവനായ ശ്രീ. കണ്ണനെയും ക്രിസ്ത്യാനിയായ ശ്രീ. എം.പി. ജയകുമാർ എന്നിവരെയും ദൈവം ഒരുക്കി. യേശുക്രിസ്തു വിശ്വസ്തനും നല്ലവനുമാണ്. എത്ര അത്ഭുതകരമായ ദൈവമാണ് നമുക്കുള്ളത്! **യഹോവ നല്ലവൻ എന്ന് രുചിച്ചറിയുവിൻ** (സങ്കീർത്തനങ്ങൾ 34:8).

ഈ സന്ദേശം എഴുതുമ്പോഴും എന്റെ ജീവിതം ഇപ്പോഴും വെല്ലുവിളികൾ നിറഞ്ഞതാണെന്ന് നിസ്സംശയം നിങ്ങളോടു പറയാൻ കഴിയും. 16 ഭാഷകളിലുള്ള വിളിയുടെ പ്രതിധ്വനി മാസിക, മൂന്നു ഭാഷകളിലെ ബൈബിൾകോർ ബൈബിൾ കറസ്പോണ്ടൻസ് ആന്റ് ട്രെയിനിംഗ് കോഴ്സുകൾ, നെഹെമ്യ ബൈബിൾ കോളേജ്, ഏഴു ഞായർ ആരാധനകളുള്ള മുഖ്യസഭ, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ (വില്ലേജ് ഹൈസ്കൂൾ), സുവിശേഷ അച്ചടിശാല,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് എന്നീ ദൈവം ദാനം നൽകിയ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ ജീവിതത്തിൽ വളരെയധികം പ്രയാസങ്ങളും ദുരിതങ്ങളും ഞാൻ അനുഭവിക്കുന്നു.

ഉറക്കമില്ലാത്ത രാത്രികളുടെയും ഉറങ്ങാൻ ആഗ്രഹിക്കാത്ത രാത്രികളുടെയും അനുഭവം എനിക്കുണ്ട്. അന്ധകാരവും നിരാശയും മോശമായ സമ്മർദ്ദങ്ങളും നിറഞ്ഞ ഈ ലോകത്തിൽ വിശ്വസ്തനും വിശ്വസിക്കാൻ യോഗ്യനുമായ യേശുക്രിസ്തു മാത്രമേ ഒരു യഥാർത്ഥ സ്നേഹിതനായി എനിക്കുള്ളു എന്നു ഞാൻ പഠിച്ചു. എന്റെ ജീവിതത്തിൽ അവന്റെ മാർഗ്ഗനിർദ്ദേശവും കരുതലും അനുഭവിക്കാൻ എനിക്കു കഴിയുന്നുണ്ട്. പ്രസിദ്ധമായ ഗാനത്തിന്റെ താഴെ കൊടുത്തിരിക്കുന്ന വരികൾ എന്റെ അനുഭവമാണ്:

***കൂരിരുളിൽ എൻ സ്നേഹദീപമേ, നടത്തുകെ***
***പാത കാണാതെ വീടും ദൂരമേ, നടത്തുകെ***
***കാംക്ഷിക്കുന്നില്ല ദൂരക്കാഴ്ചയെ,***
***ഓർ അടി മാത്രം എൻ മുൻ കാട്ടുകേ.***

എന്റെ ജീവിതം പരീക്ഷണങ്ങളും പ്രയാസങ്ങളും നിറഞ്ഞതാണ്. എന്റെ ഈ ലോകത്തെ ജീവിതം തീർന്ന് നിത്യതയിൽ പ്രവേശിക്കുമ്പോൾ യേശു ക്രിസ്തുവിനെ മുഖാമുഖം കാണാമെന്നും, ഈ ലോകത്തിലെ എന്റെ അനുഭവങ്ങൾ പങ്കു വയ്ക്കാമെന്നും എനിക്ക് ഉറപ്പുണ്ട്. അതിനായി ഞാൻ കാത്തിരിക്കുന്നു.

പ്രിയ സുഹൃത്തേ, നിങ്ങൾക്ക് അത്തരത്തിലുള്ള പ്രതീക്ഷയും ആഗ്രഹവും ഉണ്ടോ?

***

*... 6-ാം പേജിന്റെ തുടർച്ച*

യം തന്റെ ഗുരുവിന് എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അറിയാനുള്ള ആഗ്രഹത്തോടെ പത്രൊസ് അവനെ അകലെയായി പിന്തുടർന്നു.

യേശുക്രിസ്തുവിനെ ദൂരെയായി അനുഗമിക്കുന്ന പത്രൊസിനെപ്പോലെയാണോ നിങ്ങൾ? ഞാൻ ദൈവത്തോട് അടുത്തു നടക്കുമ്പോൾ വലിയ പ്രതീക്ഷയുണ്ടാകും, അതിനാൽ മാറി നിൽക്കാം. നമ്മിൽ ചിലർ പള്ളിയിൽ പോകുന്നു എങ്കിലും അവിടത്തെ കാര്യങ്ങളിൽ ഒന്നും ഇടപെടാതെ മാറി നിൽക്കുന്നു. ചിലർക്ക് പള്ളിയിൽ പോകാനേ താല്പര്യമില്ല. ചിലർ വീട്ടിൽ തന്നെ ഇരുന്ന് പ്രാർത്ഥിക്കുന്നു. നമുക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ മാത്രം യേശുക്രിസ്തുവിനോട് സംസാരിക്കുന്നു, അല്ലാത്തപ്പോൾ അതിനു നമുക്ക് സമയമില്ല.

യേശുക്രിസ്തുവിനെ അകലത്തിൽ അനുഗമിക്കാതെ അവന്റെ അടുക്കൽ ചെല്ലുവാൻ ഞാൻ നിങ്ങളെ പ്രേരിപ്പിക്കുന്നു. ദൈവവും മനുഷ്യനുമായി നിരപ്പു പ്രാപിക്കുവാനാണ് അവൻ ഈ ലോകത്തിൽ മനുഷ്യാവതാരം എടുത്തത്. അതിനായി അവൻ കുരിശിൽ മൂന്നാണിമേൽ തറക്കപ്പെടുകയും, മരിച്ച്, ഉയിർക്കപ്പെടുകയും ചെയ്തു. ഇതൊക്കെ നിരാശരായിരുന്ന നമുക്ക് ആശ്വാസം നൽകുവാൻ വേണ്ടിയായിരുന്നു, കൊടുങ്കാറ്റിൽ സമാധാനം നൽകുവാനായിരുന്നു. നാം സ്നേഹിക്കപ്പെടുവാൻ അർഹരല്ലെങ്കിൽകൂടിയും അവൻ നമുക്കു സ്നേഹം തരുന്നു. **സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കുംവേണ്ടി ഏല്പിച്ചു തന്നവൻ അവനോടു കൂടെ സകലവും നമുക്കു നൽകാതിരിക്കുമോ?** (റോമർ 8:32). അവനോടു ചോദിക്കുവിൻ, അവൻ എല്ലാ നല്ല കാര്യങ്ങളും നൽകാൻ തയ്യാറാണ്.

എല്ലാ ദിവസവും അവനോടു സംസാരിക്കുവിൻ, അവന്റെ വചനം വായിക്കുവിൻ. അവന്റെ ശബ്ദം കേട്ട അനുഭവം നിങ്ങൾക്ക് ഇല്ല എങ്കിൽ ഇന്നു തന്നെ അവനോടു ചോദിക്കുവിൻ. ഇങ്ങനെ പ്രാർത്ഥിപ്പിൻ: “കർത്താവേ, ഞാൻ അങ്ങയെ അടുത്ത് അനുഗമിക്കാൻ ആഗ്രഹിക്കുന്നു, എന്നോടു സംസാരിക്കണമേ. ഞാൻ അങ്ങയുടെ ശബ്ദം കേൾക്കട്ടെ. അങ്ങയിൽ നിന്നു കേൾക്കാൻ മാത്രമല്ല, അങ്ങ് പറയുന്നതുപോലെ പ്രവർത്തിക്കുവാനും എന്നെ സഹായിക്കേണമേ, ആമേൻ!”

അകലത്തിലല്ലാതെ അങ്ങയോട് ചേർന്നു നടക്കുവാൻ കർത്താവ് നിങ്ങളെ സഹായിക്കുമാറാകട്ടെ.

***************


## നെഹെമ്യ ബൈബിൾ
## സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ECHO OF HIS CALL 1969-2019 GOLDEN JUBILEE
REACHING NATIONS

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL ★ Estd. 1969

**ഭാഷ : തമിഴ്**

*അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA*

**കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്**

***വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം***
***വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം***

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.**
**Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858**
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

## വിളിയുടെ പ്രതിധ്വനി

**യുട്യൂബ്**
**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ - എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : **Triplicane, Chennai-5**
Name : **S. Sam Selva Raj**
A/C No. : **1023 2934 679**
IFSC : **SBIN 00 00 249**
SWIFT CODE : **SBI NIN BB 455**

### *2. Bank : ICICI Bank*

Branch : **Anna Salai, Chennai-6**
Name : **Echo of His Call**
A/C No. : **6038 0502 2319**
IFSC : **ICIC 000 6038**

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : **Triplicane, Chennai-5**
Name : **Echo of His Call Educational Trust**
A/C No. : **1023 2923 805**
IFSC : **SBIN 00 00 249**

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at
"Egmore RMS / 1 Patrika Channel"
on 4th JULY, 2023.
If un-delivered please return to:
**ECHO OF HIS CALL (MALAYALAM)**
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**